M. 1941 c. 65.

# മുസ്ലിം മഹിള

## The Muslim Mahila.

കേരളീയ മഹിളാലോകത്തിൻെറ
ഉന്നതിക്കു പൊതുവായും മുസ്ലിം സ്ത്രീകളുടെ
അഭ്യുദയത്തിന്നു പ്രത്യേകമായും യത്നിക്കുന്ന
കേരളത്തിലെ ഏകമാസികാഗ്രന്ഥം

വരിസംഖ്യ കൊല്ലത്തിൽ 1-ക മുൻകൂർ.

| | | |
|---|---|---|
| പുസ്തകം 2. | "വിദ്യാധനം സർവ്വ ധനാൽ പ്രധാനം." | ലക്കം 1. |

A. H. 1345 M. E. 1102 A. D. 1927.

ജമാദിൽആഖർ- ധനു- ജനുവരി.

:o:

വിഷയവിവരം.

1. പ്രസ്താവന.

2. നമ്മുടെ സ്ത്രീകൾ.

3. ശിശുസംരക്ഷണം.

മുസ്ലിം സ്ത്രീകളോടൊരുപദേശം.

പാതിവ്രത്യത്തിന്ന് ഒരു ഉപദേശം.

...ed by P. K. Moosakutty Calvathy, Cochin

...mmercial Star" Press, Cochin.

# അൽഅമീൻ

മുസ്ലീം സമുദായത്തിന്നു വേണ്ടി ആഴ്ചയിൽ മൂന്നുവീതം പ്രസിദ്ധം ചെയ്യുന്നു. പ്രസ്തുത പത്രം എല്ലാ മുസ്ലിമിങ്ങളും വരുത്തേണ്ടുന്ന ഒന്നാകുന്നു. വരിസംഖ്യ കൊല്ലത്തിൽ 12-ക. മുൻകൂർ. ഉടനെ എഴുതുക.

മാനേജർ, അൽഅമീൻ, കോഴിക്കോട്.

---

# അൽഇസ്ലാഹ

അറബി മലയാള ഭാഷയിൽ, മുസ്ലിമിങ്ങളെ മാത്രം ഉദ്ദേശിച്ച്, ആഴ്ചയിൽ ഒന്നു വീതം നടത്തപ്പെടുന്ന പ്രസ്തുത പത്രത്തിന്നു ഇന്നുതന്നെ എഴുതുക. വരിസംഖ്യ കൊല്ലത്തിൽ നാലുറുപ്പാ മുൻകൂർ.

മാനേജർ, അൽഇസ്ലാഹ, എറിയാട്.

---

# അൽഇർഷാദ്

അറബി മലയാളത്തിലെ ഏക മാസിക. ഇതും മുസ്ലിം സ[മുദാ]യത്തിന്റെ അഭ്യുദയത്തെ ലാക്കാക്കി നടത്തപ്പെടുന്ന ഉത്ത[മ] മാസികഗ്രന്ഥം. വരിസംഖ്യ കൊല്ലത്തിൽ 2-ക. മുൻകൂർ.

മാനേജർ, അൽഇർഷാദ്, എറിയാട്.

---

# ലേഖകന്മാരോടു.

മുസ്ലീം മഹിളയ്ക്കു അയക്കുന്ന ലേഖനങ്ങൾ എല്ലാ [illegible] ഇംഗ്ലീ[illegible] മാസം 25-ാംനു- കിട്ടത്തക്ക നിലയിൽ അയച്ചു[illegible] ണ്ടതാ[illegible] പ[illegible]

മു. മ. പത്രാ[illegible]

മാനേജർ പി. കെ. മൂസാക്കുട്ടി കൊച്ചി.

Reg: No. M. 1941. C. 65.

# മുസ്ലിം മഹിള.

# The Muslim Mahila.

1345—1102.—1927

പുസ്തകം 2. } ജമാദിൽ ആഖർ, ധനു, ജനുവരി { ലക്കം 1.

## പ്രസ്താവന.

---

### "അൽഹംദുലില്ലാ."

"ഏററവും കരുണയുള്ള ദൈവത്തിൻെറ തിരുനാമത്തിൽ"

മുസ്ലിംമഹിളയുടെ ഒരു കൊല്ലത്തെ പുറപ്പാടുകൊണ്ടു കേരളമുസ്ലിം സമുദായത്തിൽ കടന്നുകൂടിയിട്ടുള്ള അനാചാരങ്ങളിൽ ഏതാനും ചിലതിന്നു ഒരു മാററം സംഭവിച്ചിട്ടുണ്ടെന്നുള്ള അനുഭവം പൊതുവെ ബോദ്ധ്യമാണെന്നു സസന്തോഷം അറിയുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു. മാസികയുടെ ആദ്യകാലനടത്തിപ്പിൽ തന്നെ നാനാഭാഗങ്ങളിൽ നിന്നും അപേക്ഷകൾ വന്നതനുസരിച്ചു അപേക്ഷകന്മാൎക്കു മാസിക അയച്ചുകൊടുത്തതിൽ വരിസംഖ്യയായ ഒരു ഉറുപ്പിക അയച്ചുതരാതെയും, വി. പി. സ്വീകരിക്കാതെ മടക്കി ഞങ്ങളുടെ ഉദ്യമത്തിന്നു ഉത്സാഹമില്ലാതെയും ആക്കിത്തീൎപ്പാൻ കച്ചകെട്ടിഇറങ്ങിയ "പാപ്പരപേപ്പർ" വായനക്കാരായ പച്ചപ്പരിഷ്കാരികളും കേരളമുസ്ലിം സമുദായത്തിലുണ്ടെന്നു അറിവാൻ ഞങ്ങൾക്കിടയായി. ഇവർ [illegible]

ങ്ങളാണ മാസിക ഏതാനും നാളത്തേക്കു മുടങ്ങാനുണ്ടായ കാരണം.

സമുദായ ഗുണകാംക്ഷികളായ വരിസംഖ്യ തന്ന സുഹൃത്തുക്കൾ വീണ്ടും മാസിക നടത്തണമെന്നു ആവശ്യപ്പെട്ടും കൊണ്ടു ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാൽ മാസിക നടത്തിപ്പുകൊണ്ടു കേരള മഹിളാലോകത്തിന്നു പ്രത്യേക ഗുണങ്ങൾ സിദ്ധിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി മുസ്ലിം മഹിളയെ കേരള മഹാജനസംഘം ബഹുമാനപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

പഴയ വരിക്കാരിൽ വരിസംഖ്യ തന്നു ഞങ്ങളെ സഹായിച്ചവർക്കും കേരളത്തിൽ ഞങ്ങൾക്കു പരിചയമുള്ള പൌരപ്രമാണികൾക്കും രണ്ടാം ബുക്ക് ഒന്നാംലക്കം അയക്കുന്നു. ദയവുചെയ്തു താഴെ എഴുതുന്ന നിശ്ചയം അനുസരിച്ച് വരിസംഖ്യ അയച്ചുതന്നു ഞങ്ങളെ സഹായിപ്പാനപേക്ഷ.

1. രണ്ടാം പുസ്തകം ഒന്നാംലക്കം കൈപ്പറ്റിയാൽ വരിസംഖ്യ അടക്കാത്ത മഹത്തുക്കൾ 2-ാംലക്കം പുറപ്പെടുന്നതിന്നു മുമ്പായി വരിസംഖ്യയായ ഒരു ഉറുപ്പിക അയച്ചുതരണം.

2. മാസിക കിട്ടിയാൽ വായിച്ചോ അല്ലാതെയൊ ആവശ്യമില്ലന്നു കരുതുന്ന സമുദായസ്നേഹികൾ ആ ലക്കം തന്നെ മടക്കി അയക്കുകയൊ മേലാൽ മാസിക അയക്കേണ്ടാ എന്നു അറിയിക്കുകയൊ ചെയ്യേണ്ടതാണ്.

3. മേൽപ്രകാരം അറിവുതരാത്ത മാന്യന്മാർക്ക് "മൗനം സമ്മതം" എന്ന നിലയിൽ 2-ാംലക്കം വി. പി. അയക്കുന്നത് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

4. വി. പി. അയക്കുന്നതു സ്വീകരിക്കാതെ ഞങ്ങളെ നഷ്ടപ്പെടുത്തുന്നതിനെക്കാൾ മുൻകൂട്ടി അറിവു തരുന്നതു വലിയ ഗണ്യമായ പുണ്യമായിരിക്കും.

5. മുൻകൂർ പണം അയച്ചോ വി. പി. അയക്കാൻ അനുവദിച്ചോ അല്ലാതെ അയക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

മാന്യരെ! ദൈവാനുഗ്രഹത്താൽ മഹിള നടത്തിക്കൊണ്ടു വരുന്നതിന്നു സ്വന്തമായി ഒരു അച്ചുകൂടം ഉള്ളതിനാൽ അച്ചടിക്കാൎയ്യത്തിൽ ഞങ്ങൾക്ക യാതൊരു ബുദ്ധിമുട്ടും ഇല്ലാത്തതു കൊണ്ടു വരിസംഖ്യ അടച്ച മാന്യന്മാൎക്കു ഏതു പ്രകാരത്തിലും ആ തീയ്യതി നോക്കി മാസിക കൃത്യമായി തന്നെ അയച്ചുകൊടുക്കുന്നതാണെന്നു പ്രത്യേകംപ്രത്യേകം വാഗ്ദത്തം ചെയ്തുകൊള്ളുന്നു.

വരിപ്പണം അടക്കാത്തവൎക്കു മാസിക അയക്കുവാൻ ഞങ്ങൾ നിൎബ്ബന്ധരല്ലാത്തതിനാൽ വരിസംഖ്യ തരാത്തവൎക്കു മാസിക അയക്കാത്തതിനാൽ നിന്നുപോയെന്നു ധൎമ്മപത്രപാരായണീയന്മാർ കരുതേണ്ടതില്ല. അവൎക്കു മാസിക നിറുത്തി എന്നു മാത്രം കരുതിയാൽ മതിയാകുന്നതാണ്.

ആകയാൽ കേരളമുസ്ലിം സമുദായത്തിലെ ഏക മുസ്ലിംമഹിളാ മാസികയെ വേണ്ടുംവണ്ണം നടത്തിച്ചുകൊണ്ടുവരുന്നതിന്നു സകല മുസ്ലിമീങ്ങളും സഹോദര സമുദായാംഗങ്ങളും നാനാപ്രകാരമുള്ള സഹായങ്ങൾ ചെയ്തു തരുമെന്നുള്ള പൂൎണ്ണവിശ്വാസത്തോടുകൂടി മഹിള രണ്ടാംബുക്ക് ഒന്നാം ലക്കം നിങ്ങളുടെ മുമ്പാകെ സമൎപ്പിച്ചുകൊള്ളുന്നു.

സൃഷ്ടികൎത്താവു നമ്മെ സഹായിക്കട്ടെ. ആമീൻ.

———:o:———

## നമ്മുടെ സ്ത്രീകൾ.

(കെ. മഹമ്മത്—കോഴിക്കോട്.)

മനുഷ്യരിൽ കാൎയ്യമായി രണ്ടു വൎഗ്ഗങ്ങളാണുള്ളത്. അവ സ്ത്രീയും പുരുഷനുമത്രെ; ഒരു സ്ത്രീ ഒരു പുരുഷന്റെ ധനവും ഒരു പുരുഷൻ ഒരു സ്ത്രീയുടെ കണ്ണാടിയുമാണ്. ഈ രണ്ടു വൎഗ്ഗവും കാന്തവും ഇരുമ്പും തമ്മിൽ യോജിച്ചിരിക്കുംപ്രകാരം പല സംഗതികളിലും സദാ ആകൎഷിക്കപ്പെട്ടിരിക്കും. ഒരു പുരുഷനെ

കൂടാതെ സ്ത്രീക്കോ, സ്ത്രീയെക്കൂടാതെ ഒരു പുരുഷനൊ ജീവിച്ചിരിക്കാൻ അസാദ്ധ്യമാണ്. പ്രകൃത്യാ ഒരു പുരുഷന്നു എന്തൊക്കെ സ്വാതന്ത്ര്യമുണ്ടോ, അവയിൽ മിക്കതും ഒരു സ്ത്രീക്കുമുണ്ട്. ഇവർ തമ്മിൽ യോജിച്ചല്ലാതെ മനുഷ്യവൎഗ്ഗത്തിനു അഭിവൃദ്ധിയും എണ്ണക്കൂടുതലുമില്ല. ഇങ്ങിനെ നോക്കുന്നതായാൽ ഒരു പുരുഷന്നു ഒരു സ്ത്രീയെക്കൂടാതെ യാതൊന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും സ്ത്രീയില്ലാത്ത ഒരുവന്നു ലോകത്തിൽ ഒരു യഥാൎത്ഥ സ്ഥാനമില്ലെന്നും കാണാവുന്നതാണ്.

ഒരു മനുഷ്യൻ അജ്ഞാനിയായി ലോകത്ത് ജനിക്കുന്നു. അവൻ കാലക്രമേണ വളൎന്നുവരുന്തോറും ഓരോവിധ അറിവുകൾ ഹൃദയത്തിൽ പതിയുകയും, അതുമൂലം അവന്നു ഹൃദയവികാരം സാധിക്കുകയും ചെയ്യുന്നു. ഇതേപ്രകാരം തന്നെ ഒരു സ്ത്രീക്കും ഉണ്ടാകുന്നുണ്ട്. ബുദ്ധിവികാസം പ്രകാശിക്കണമെങ്കിലും ലോകത്ത് ഇവൎക്ക ഒരു സ്ഥാനം കിട്ടണമെങ്കിലും തീൎച്ചയായും അവൻ ഒരു വിദ്വാനായിരിക്കണം. ഒരു മനുഷ്യനായി എണ്ണണമെങ്കിൽ തന്നെ ഇവന്നു സാമാന്യ ജ്ഞാനമെങ്കിലും ആവശ്യമാണു. അതുകൊണ്ടാണ് നാം സാധാരണ നമ്മുടെ പൈതങ്ങളെ വിദ്യാഭ്യാസത്തിനായി അയക്കുന്നത്. വിദ്യാഭ്യാസം സിദ്ധിക്കാതെ ഇവൻ യഥാൎത്ഥ പുരുഷനായി ജീവിതം നയിപ്പാൻ അസാദ്ധ്യമെന്നെ പറയേണ്ടു. നമ്മുടെ സ്ത്രീകളെപ്പററി ആലോചിക്കുന്നതായാൽ പുരുഷന്മാരെക്കാളധികം പഠിക്കേണ്ടതും മുന്നണിയിൽ നില്ക്കേണ്ടതും സ്ത്രീകളത്രെ. കാരണം ഭാവിപൌരന്മാരായിത്തീരേണ്ട ചെറുപൈതങ്ങളുടെ ആദ്യ ഗുരുക്കളാണു ആ പൈതങ്ങളുടെ മാതാക്കൾ. അവരുടെ അറിവിനെയും ജ്ഞാനത്തെയും മാതൃകയെയും ആശ്രയിച്ചിരിക്കും ഒരു കുട്ടിയുടെ എല്ലാ ഗുണങ്ങളും. മൂഢയായ ഒരു സ്ത്രീക്ക് വിദ്യാഭ്യാസമില്ലെങ്കിൽ അവളുടെ സന്താനങ്ങൾക്ക വിദ്യ നൽകുന്നതിൽ അവൾക്കു തൃപ്തി കാണുകയില്ല. വിദ്യാസമ്പന്നയായ ഒരു സ്ത്രീയുടെ പുത്രൻ തീൎച്ചയായും ഒരു വിദ്വാനാകാതിരിക്കയുമില്ല. കാരണം ആ പുത്രനെ സൂക്ഷിച്ചു വീക്ഷിച്ചു ജ്ഞാനസമ്പാദനത്തി

നള്ള മാർഗ്ഗങ്ങളെ അവർ തെരഞ്ഞു പിടിച്ചു അപ്രകാരം പ്ര
വൃത്തിക്കുന്നു.

ഇന്നത്തെ കേരളമുസ്ലിം വനിതാലോകത്തിന്റെ സ്ഥി
തി നോക്കുകയാണെങ്കിൽ വളരെ പരിതാപകരമായ നിലയി
ലാണ് സ്ഥിതിചെയ്യുന്നതെന്നു കാണാം. മുസ്ലിം സ്ത്രീകൾ
ക്ക് മതസംബന്ധമായൊ ലൌകീകമായൊ യാതൊരുവിധ അ
റിവും ഇല്ല. അവൎക്ക് തലയണ മന്ത്രവും പാചകവേല (അതു
തന്നെ ശരിയായി നിൎവ്വഹിക്കാനും സാധിക്കയില്ല) യും അല്ലാ
തെ വേറെ വല്ലതും അറിവുണ്ടൊ? ജനിച്ച കുട്ടി പെണ്ണാണെ
ങ്കിൽ, ഒന്നാമതായി സംസാരിച്ചു പഠിച്ചു ഉടനെ നമ്മുടെയിട
യിൽ ഒരു മല്ലാക്കയെ വിളിച്ചു അയാളുടെകൂടെ ഓത്താനാക്കുക
യാണ് പതിവു. ഇതുതന്നെ വെറും ഉരുവിട്ടു കാണാപാഠം
വായിക്കുവാൻ പഠിക്കുക മാത്രമെ ചെയ്യുന്നുള്ളു. ലൌകീകവി
ദ്യ തീണ്ടുകപോലും ചെയ്യുന്നില്ല. കുറുആൻ ഉരുവിടാൻ മിക്ക
സ്ത്രീകൾക്കും ഇന്നു നമ്മുടെയിടയിൽ അറിവുണ്ടു. ഇസ്ലാമി
ന്റെ വിശ്വാസവരവും പ്രവൃത്തിവരവുമായ കാൎയ്യാദികൾ എ
ന്തൊക്കെയാണെന്നു ആലോചിച്ചാൽ മിക്ക സ്ത്രീകൾക്കും പറ
വാനസാദ്ധ്യമായിരിക്കും. ഇത്തരം സംഗതികളിൽതന്നെ ന
മ്മുടെ ആദ്യഗുരുക്കളായ ഈ മാതാക്കൾ പട്ടുജാഹലീങ്ങളാ
ണെങ്കിൽ പിന്നെ അവരുടെ സന്താനങ്ങളുടെ ഗതി എന്താ
യിരിക്കും. ഇതുതന്നെയാണ് നമ്മുടെ സമുദായം ഇത്രയും താ
ണപടിയിൽ എത്തി അധഃപതിപ്പാനുള്ള മുഖ്യ കാരണം.
ഇനി സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ചു അടുത്തതിൽ വിവരിക്കാം.

## ശിശുസംരക്ഷണം.

(സി. മറിയാമ്മ പൂത്തറയിൽ ചമ്പക്കുളം)

ഒരു മാതാവിനുള്ള പ്രധാന കൎത്തവ്യകൎമ്മങ്ങൾ ഏവയെ
ന്നും അവകളെ സ്തുത്യൎഹമായി നിൎവ്വഹിക്കേണ്ടതു എങ്ങിനെ
യെന്നുമുള്ള സാമാന്യജ്ഞാനമെങ്കിലുമില്ലാത്ത ജനയിത്രികളിൽ

നിന്നു സംജാതമാകുന്ന ശിശുസഞ്ചയങ്ങൾ പ്രായേണ ദുർഗ്ഗുണസമ്പൂർണ്ണരായിരിപ്പാനേ മാർഗ്ഗമുള്ളു. വെറും മൃഗീയമായ സന്താനോല്പാദനക്രിയകൊണ്ടുതന്നെ തങ്ങളുടെ പ്രധാന ധർമ്മമടങ്ങുവെന്നു തൃപ്തിപ്പെടുന്നവരായി ഹീനജാതികളിലും കൂലിവേലക്കാരുടെയിടയിലും ഒരുതരം മാതാപിതാക്കന്മാരെ നിഷ്പ്രയാസം ദർശിക്കാവുന്നതാണ്. അവർ തങ്ങളുടെ കുട്ടികളോട് അനുവർത്തിച്ചുവരുന്ന രീതിവിശേഷങ്ങളിൽനിന്നുതന്നെ പ്രസ്തുത സംഗതിയുടെ യാഥാർത്ഥ്യം പ്രസ്പഷ്ടീകൃതമാകുന്നതാണ്. ചില മാതാപിതാക്കന്മാർ, കുട്ടികളുടെനേരെ തങ്ങൾക്കുള്ള പ്രധാനകടമ അവരുടെ ഉദരപൂരണവിഷയത്തിൽ മാത്രം തങ്ങളുടെ സവിശേഷമായ ദൃഷ്ടി പതിപ്പിക്കുകയെന്നുള്ളതാണെന്നു സങ്കല്പിച്ച് കുഞ്ഞുങ്ങളുടെ വയറുനിറയെ ആഹാരം കൊടുത്ത് "കുത്തിവച്ച പാവപോലെ സംസാരിക്കാനും പ്രവൃത്തിക്കുവാനും ശൌചാദിസദാചാരങ്ങൾ ശരിയായി നടത്താനും" ഗത്യന്തരമില്ലാതുള്ള പതനത്തിൽ അവരെ ചാടിപ്പിക്കുന്നു. മാതാപിതാക്കന്മാരുടെ ഈ പ്രവൃത്തിവിശേഷംകൊണ്ടു ഭാവിതലമുറകളിലെ ജനപരമ്പരകൾ പരാശ്രയം ക്രമാതീതമായി നേടുന്ന ഒരുതരം രോഗികളാൽ നിബദ്ധീകൃതമായിരിക്കുമെന്നുള്ളതിനു സംശയമില്ല. തങ്ങളെപ്പോലെതന്നെ അന്യരെ ശകാരിക്കുന്നതിനും അധിക്ഷേപിക്കുന്നതിനുമുള്ള സാമർത്ഥ്യത്തെ ചെറുപ്പംമുതൽതന്നെ കുട്ടികളിൽ ഉൽബോധിപ്പിച്ചുകൊടുത്ത് സന്തുഷ്ടരാകുന്ന മാതാപിതാക്കന്മാരും ഒട്ടും കുറഞ്ഞകൂട്ടത്തിലല്ല. മാതാപിതാക്കന്മാരുടെ ഈ ദുരുദ്യമം ഹേതുവാൽ അവരുടെ സന്താനങ്ങൾ സകലവിധ ദുർഗ്ഗുണവിശിഷ്ടന്മാരായി ജയിൽവാസമനുഭവിക്കുന്നതായി നാം സാധാരണ കണ്ടുവരാറുണ്ടല്ലോ. എന്നുവേണ്ട നാനാമുഖങ്ങളായ ഇതരസംഗതികളിൽ ഭ്രമിച്ച്, മനുഷ്യധർമ്മത്തെ അതിൻെറ പരിശുദ്ധമായ പന്ഥാവിൽനിന്നു വ്യതിചലിച്ച് നാശകൂപത്തിൽ ചെന്നടയുന്നവരായിട്ടാണ് മനുഷ്യസമുദായത്തിൽ ഭൂരിപക്ഷത്തിൻെറയും പരിണാമമെന്ന് സൂക്ഷ്മദൃക്കുകൾക്ക് അചിരേണ മനസ്സിലാകുന്നതാണ്.

മാതൃധമ്മങ്ങളിൽ പ്രഥമസ്ഥാനം ശിശുസംരക്ഷണത്തിന്നു തന്നെ നൽകേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇന്നത്തെ ഒരു ശിശുവാണ് നാളത്തെ പൌരൻ. എന്നല്ലാ ഒരു ശിശുവിന്റെ ഭാവി ഏതുനിലയിൽ പരിണമിക്കുമെന്നു ആക്കും നിശ്ചയിച്ചുകൂടാത്തതാകുന്നു. അതിനാൽ മാതാക്കന്മാരായിരിക്കുന്നവർ അറിഞ്ഞിരിക്കേണ്ടുന്ന ഒരു പ്രധാനസംഗതി ശിശുസംരക്ഷണകൃത്യത്തിൽ കൂടുതൽ ബദ്ധശ്രദ്ധയുള്ളവരായിരിക്കയെന്നുള്ളതാണ്.

"ഇളതാം ചിത്തവും വെള്ളക്കടലാസ്സും സമാനമാം
പതിയും രണ്ടിലും നേരേ എഴുതുന്നവയൊക്കയും"

അതുകൊണ്ട് ശിശുപ്രായത്തിൽതന്നെ മാതാക്കന്മാർ തങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ പ്രത്യേകം ദൃഷ്ടിചെലുത്തേണ്ടിയിരിക്കുന്നു. ഇളംവള്ളി സമാനമായിരിക്കുന്ന ബാലന്മാരുടെ നിമ്മലമനസ്സിനെ സന്മാഗ്ഗമാകുന്ന കല്പവൃക്ഷത്തിന്മേൽ നേരേതന്നെ പടത്തണം. എന്നാൽ വള്ളിമുത്തുപോയാൽ ശരിയായി പടത്തുന്നതിന്നു നിവൃത്തിയില്ലാതെയാകയും വളഞ്ഞുപിരിഞ്ഞു തോന്ന്യാസം വളന്നു ഓരോ വള്ളികളും നേരെപ്പടത്തുന്നതിനുള്ള ശ്രമത്തിൽ ഒടിഞ്ഞുചതഞ്ഞു പോകയും ഒടുവിൽ നിരാശപ്പെടേണ്ടതായി വരികയും ചെയ്യും. അതിനാൽ പ്രിയമാതാക്കന്മാരെ! നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ നിങ്ങൾ ഒടുക്കം നിരാശപ്പെടാതിരിക്കണമെങ്കിൽ—കതിരിന്മേൽ വളംവച്ച ഫലം നാസ്തിയാകാതിരിക്കണമെങ്കിൽ—സന്താനഹൃദയങ്ങളിൽ മുലപ്പാലോടുകൂടിത്തന്നെ സൽഗുണങ്ങളുടെ ബീജാവാപം ചെയ്യുവിൻ! നിങ്ങളുടെ മാതൃത്വത്തിൽ ഭാവിതലമുറയെ—അതായതു തങ്ങളുടെ വാത്സല്യസന്താനങ്ങളെ—ദൈവത്തിന്നിഷ്ടമായവിധത്തിലും ലോകത്തിന്നുപകാരമായ തരത്തിലും വളത്തുവിൻ! സവ്വശക്തനായ ദൈവത്തിനോടും മനുഷ്യരോടും തങ്ങൾക്കുള്ള കടമകളെ സ്തുത്യർഹമായി നിവ്വഹിക്കുന്നതിനുള്ള പ്രാപ്തിയും ആഗ്രഹവും കുട്ടികളിൽ ഉണ്ടാക്കിത്തീക്കുവാനുള്ള ബാദ്ധ്യതയും ജോലിയും നിങ്ങൾക്കല്ലാതെ മററാക്കുമില്ല.

വൃത്തികേടായി നടക്കുന്നതിനു ഒരുനാളും കുട്ടികളെ അനുവദിച്ചുകൂടാത്തതാകുന്നു. വൃത്തികേടിൽനിന്നാണു സകലവിധ രോഗങ്ങളും ഉൽഭൂതമാകുന്നതെന്ന് ഓരോ മാതാക്കന്മാരും പ്രത്യേകം ധരിച്ചിരിക്കണം. അവരെ ദിവസവും കുളിപ്പിച്ചും, വൃത്തിയായതും ദഹിക്കുന്നതിനു പ്രയാസമില്ലാത്തതും പോഷകവുമായുള്ള ഭക്ഷ്യപേയാദികളെ ക്രമമായും സമയനിഷ്ഠയോടു കൂടിയും നൽകിയും ശുചിയായിത്തന്നെ അവരെ വളർത്തുന്നപക്ഷം അവർ മരണംവരെ ചെറുപ്പത്തിൽ മനസ്സിലാക്കിയ ഈ രീതിയെത്തന്നെ പിന്തുടരുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. തന്നിമിത്തം അരോഗദൃഢഗാത്രന്മാരായ സന്താനങ്ങളാൽ മനുഷ്യസമുദായം ചുററപ്പെട്ടിരിക്കും. ശുചിത്വത്തിന്റെയും സൂക്ഷ്മതയുടെയും ആദർശങ്ങളായി മാതാപിതാക്കന്മാർ ഭവിക്കുന്നപക്ഷം ജനസമുദായവും താദൃശഗുണങ്ങളാൽ പരിശോഭിതമായിരിക്കും.

കുഞ്ഞുങ്ങളുടെ ശോഭനമായ ഭാവിയെ ആഗ്രഹിക്കുന്ന സകല മാതാക്കന്മാരും മിതവ്യയത്തിൽ അവക്കു മാതൃകയായിരിക്കേണ്ടതാണ്. ഇഷ്ടംപോലെ ചിലവുചെയ്യുന്നതിനായി കുട്ടികളുടെ കൈവശം ഒരുനാളും പണംകൊടുത്തുകൂടാത്തതാകുന്നു. അവക്കുവേണ്ട സാമാനങ്ങൾ നിങ്ങൾതന്നെ വാങ്ങിച്ചുകൊടുത്തും അവരുടെ അനാവശ്യസിദ്ധാന്തങ്ങളിൽ വഴിപ്പെടാതിരിക്കയും ചെയ്യുന്നപക്ഷം അവർ ഒരുനാളും ധാരാളികളായി എന്നുവരുന്നതല്ല. മഹാ രാജ്യങ്ങൾപോലും, ദിനംപ്രതി ക്ഷയോൻമുഖമായിരിക്കുന്ന സാമ്പത്തികാവസ്ഥയെ പുലർത്തുന്നതിന് അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, മിതവ്യയം, അനാഡംബരം മുതലായവയാൽ സമുദായാംഗങ്ങളുടെ ഐശ്വര്യാഭിവൃദ്ധിക്കാസ്പദങ്ങളായ സംഗതികളെ ചെറുപ്പംമുതൽതന്നെ സന്താനഹൃദയങ്ങളിൽ പരിലസിക്കുന്നതിനു വേണ്ട ശ്രമം ചെയ്യുക, മാതാക്കളുടെ ഒരു പ്രധാന കടമയാകുന്നു.

കുഞ്ഞുങ്ങളെ ദൈവത്തിന്റെ മഹത്വം മനസ്സിലാക്കുന്നത്, തന്റെ വിശുദ്ധപ്രമാണങ്ങളെ അനുപദം അവർ അനുഷ്ഠിക്കുന്നതിനു ഒരുത്തമോപായമാകുന്നു. ചില കൊച്ചുകുഞ്ഞു

ങ്ങളുടെ പക്കൽ "അമ്പാട്ടി"യെന്നു പറയുമ്പോൾ അവർ ലളിതകോമളകരപല്ലവങ്ങൾ കൂപ്പുന്നതായി നാം കണ്ടിട്ടുണ്ടല്ലൊ?

കുഞ്ഞുങ്ങളുടെ പ്രാരംഭാഭ്യാസം സ്വഗൃഹത്തിൽവെച്ചു തന്നെ മാതാക്കന്മാരാൽ നടത്തപ്പെടുന്നതു് നന്നായിരിക്കും. പഴയകാലങ്ങളിലെപ്പോലെ "കളരി"യിലും മററുമയച്ചു കുട്ടികളുടെ വിദ്യാഭ്യാസകാലത്തിൻെറ ഏറിയൊരംശവും പാഴായി ചിലവിടിക്കുന്നതിനു് ഈ പരിഷ്കൃതകാലങ്ങളിൽ ഒരു മാതാപിതാക്കന്മാരും തുനിയുകയില്ലെന്നുതന്നെ വിശ്വസിക്കുന്നു. പ്രാർത്ഥനകളും നമസ്കാരങ്ങളും വീട്ടിൽവെച്ചു പഠിപ്പിക്കുന്നതിനു് മാതാക്കന്മാർക്കു പ്രത്യേക സൌകര്യമുണ്ടല്ലൊ. ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു ദ്രവ്യലാഭവും ശ്രമലാഭവും ഉണ്ടെന്നു മാത്രമല്ല ചെറുപ്പത്തിൽതന്നെ അവകൾ കുട്ടികളുടെ മനസ്സിൽ ഒരിക്കലും മായാത്ത തരത്തിൽ ദൃഢമായി വേരൂന്നുകയും ചെയ്യും. അതിനാൽ ഈ കാൎയ്യത്തിൽ ദൃഷ്ടിവെയ്ക്കുകയെന്നുള്ളതു് മാതാക്കന്മാരുടെ ശിശുസംരക്ഷണകൃത്യങ്ങളിൽ ഒട്ടും പിന്നോക്കമല്ലാതുള്ള ഒന്നാണു്.

സാധാരണയായി കുഞ്ഞുങ്ങളെ വീട്ടുവേലക്കാരുടെ പക്കൽ സൂക്ഷിക്കാൻ ഏല്പിക്കുകയെന്നുള്ളതു് ചില മാന്യ കുഡുംബങ്ങളിലും പൂർവ്വികമായി നടന്നുവരുന്ന ഒരു സംഗതിയാണു്. ഇതു് ശിശുക്കളുടെ കായികമായും മാനസികമായുമുള്ള ആരോഗ്യത്തിനു വിഘാതംവരുത്തുന്നതിനു പര്യാപ്തമായ ഒരു പന്ഥാവായിട്ടാണു് എനിക്കു തോന്നുന്നതു്. "സംസൎഗ്ഗജാദോഷഗുണാ ഭവന്തി" എന്നാണല്ലൊ ബുധമതം. തള്ളമാരുടെ ഈ പ്രവൃത്തിവിശേഷംകൊണ്ടു് കുഞ്ഞുങ്ങൾ ആദ്യമായി സംസൎഗ്ഗംചെയ്യുന്നതു് ഹീനജാതിയിൽപെട്ടവരും, വൃത്തികേടിൻെറയും, അസഭ്യവൎത്തമാനങ്ങളുടേയും വിളനിലമായിട്ടുള്ള ചില ബാലികാബാലന്മാരോടുകൂടിയാണു് അവർ പറയുന്നതും, പ്രവൃത്തിക്കുന്നതുമായുമുള്ള ഹീനവൎത്തമാനങ്ങളും തദനുസരണങ്ങളായ പ്രവൃത്തികളും, ഭാവിപൌരന്മാരാകുവാൻപോകുന്ന നമ്മളുടെ അരുമസന്താനങ്ങളി

ൽ വേണ്ടുന്നകയാണ് ചെയ്യുന്നതു്. കുട്ടികളെ കരയിപ്പിക്കാതെ ഏതുതരത്തിലും സന്തോഷിപ്പിച്ചുകൊണ്ടിരിക്കണമെന്നല്ലാതെ അവരുടെ ഭാവിജീവിതത്തിന് തങ്ങളുടെ ഓരോ പ്രവൃത്തികളും പരിശീലനവും പററിയതാണോ എന്നു വിചാരണ ചെയ്യേണ്ടുന്നതായ ഭാരം നമ്മുടെ വേലക്കാർക്കില്ലല്ലോ. കുഞ്ഞുങ്ങളെ സൂക്ഷ്മക്കുറവിൽ എടുക്കുന്നതുകൊണ്ടു ചിലപ്പോൾ താഴെവീഴുന്നതിനും കഠിനപരുക്കുകൾ ഏല്ക്കുന്നതിനും ഇടയാകുകയും ഇതിനെ സംബന്ധിച്ചുള്ള കുററം തങ്ങളുടേതായതുകൊണ്ടു വേലക്കാർ വിവരം കുട്ടിയുടെ രക്ഷകർത്താക്കന്മാരെ അറിയിക്കാതിരിക്കയും, തന്നിമിത്തം ആ ശിശു ഭാവിയിൽ ഒരു നല്ല രോഗിയായിത്തീരുകയും ചെയ്യും; പ്രത്യക്ഷപരുക്കുകൾ കണ്ടാൽമാത്രമെ കുഞ്ഞിനു സംഭവിച്ച അസ്വാസ്ഥ്യതയെപ്പററി വീട്ടുകാർ അറിയുകയുള്ളൂ. അതിനാൽ പ്രിയമാതാക്കന്മാർ അടുക്കളജോലികൾ ഒരുപക്ഷെ വീട്ടുവേലക്കാർക്കു വിട്ടുകൊടുത്തിട്ടെങ്കിലും കുഞ്ഞുങ്ങളെ തങ്ങൾ തന്നെ സൂക്ഷിക്കുന്നതിൽ പ്രത്യേകം താല്പര്യമുള്ളവരായി ഭവിക്കുന്നതു അവരുടെ ഭാവിയെ ശോഭനമാക്കുന്ന ഒന്നായിരിക്കും.

ഏതുസമുദായത്തിന്റെയും ക്രമപ്രവൃദ്ധമായ ഉൽക്കർഷത്തിനും ദാരുണമായ അപകർഷത്തിനും നിദാനം ആ സമുദായത്തിലെ മാതാക്കൾ തങ്ങളുടെ സന്താനങ്ങളുടെ നന്മയെ ഉദ്ദേശിച്ചുചെയ്യുന്ന ഓരോ പ്രവൃത്തികളും അവയുടെ നിർദ്ദോഷമായ നിഷ്കാസനവും മാത്രമാകുന്നു. ഭാര്യഭർത്താക്കന്മാരുടെ സ്നേഹബന്ധത്തിന്റെ ദൃഢതയ്ക്കുവേണ്ടി സർവ്വശക്തനാൽ പ്രദാനം ചെയ്യപ്പെട്ടിട്ടുള്ള നമ്മുടെ സന്താനങ്ങളെക്കൊണ്ടു സമുദായത്തിനൊ രാജ്യത്തിനൊ എന്തെങ്കിലും ഗണ്യമായ പുണ്യം സിദ്ധിക്കണെമെന്നു നന്മനസ്സുള്ള എല്ലാ മാതാക്കന്മാരും മുൻപറഞ്ഞ ഓരോ സംഗതിയിലും പ്രത്യേകം ദൃഷ്ടിവെച്ചുകാണ്മാൻ ആഗ്രഹിച്ചുകൊണ്ടും, അതിനായി സർവ്വശക്തനോടു പ്രാർത്ഥിച്ചുകൊണ്ടും തൽക്കാലം വിരമിച്ചുകൊള്ളുന്നു.

യോ. ഭ്രു.

# മുസ്ലിം സ്ത്രീകളോടൊരുപദേശം.

( സഹോദരൻ. )

---

സഹോദരികളെ,

നിങ്ങളുടെ സർവ്വതോന്മുഖമായ നന്മയെ ലാക്കാക്കിക്കൊണ്ടു പ്രസിദ്ധപ്പെടുത്തുന്ന 'മുസ്ലിം മഹിള' വഴിയായി നിങ്ങൾക്കു എന്റെ ഉപദേശത്തെ മനസ്സിലാക്കാൻ സാധിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ടു. അതുകൊണ്ടു നിങ്ങളുടെ എല്ലാ അഭിവൃദ്ധിക്കും നിദാനമായിരിക്കുന്ന ഈ "മാസിക"യെ പല പ്രകാരത്തിലും സഹായിക്കേണ്ടതിന്നു നിങ്ങൾ സർവ്വദാ കടപ്പെട്ടിരിക്കുന്നു വെന്നു ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ.

ഇനി നിങ്ങളോടു എനിക്കു പറവാനുള്ളതു നിങ്ങളുടെ ഗൃഹഭരണത്തെക്കുറിച്ചാണ്, ഒരു വീട്ടിന്റെ ശ്രേയസ്സും അഭിവൃദ്ധിയും ആ വീട്ടിലെ സ്ത്രീകളിലാണ് സ്ഥിതി ചെയ്യുന്നതു്. ഇതുകൊണ്ടു നിങ്ങൾ പുറത്തുപോയി പണം സമ്പാദിക്കണമെന്നോ മറ്റോ ഇല്ല. വീടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിലും ശിശുക്കളെ പരിപാലിക്കുന്നതിലും മറ്റുമാണ് നിങ്ങളുടെ ശ്രദ്ധ പതിക്കേണ്ടതു്. നിങ്ങൾ എത്രത്തോളം ഈ വക കാര്യങ്ങളിൽ നിഷ്കർഷ വെക്കുന്നുവോ അത്രത്തോളം നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിന്നും ഗുണകരമായിരിക്കുമെന്നതിന്നു ഒരു സംശയവുമില്ല.

വീടുകളും പുറവുമുള്ള മുറ്റങ്ങളും എപ്പോഴും വൃത്തിയാക്കിക്കൊണ്ടിരുന്നതുകൊണ്ടു മലിനവസ്തുക്കളിൽ നിന്നും ഉത്ഭവിക്കുന്ന പല രോഗങ്ങളിൽ നിന്നും രക്ഷപെടാവുന്നതാണ്. ഇതുപോലെ തന്നെ വേറെ ചില കാര്യങ്ങളിലും നിങ്ങൾ പരിശുദ്ധകളായിരിക്കേണ്ടതുണ്ടു്. ഒന്നാമതായിട്ടു നിങ്ങൾ നിങ്ങളുടെ മനസ്സുകളെ തന്നെയാണ് പരിഷ്കരിക്കേണ്ടതു്. നിങ്ങൾക്കു സഹജമാ

ണെന്നു തോന്നിക്കുമാറുള്ള നിങ്ങളുടെ ചില ചീത്തസ്വഭാവങ്ങളെ ഇവിടെ പ്രസ്താവിക്കാൻ എനിക്കു വളരെ വ്യസനമുണ്ടു. എങ്കിലും അവയെ ചൂണ്ടിക്കാണിക്കുന്നതു നിങ്ങളുടെ ഗുണത്തിനു തന്നെ സഹായമായിത്തീരുമെന്നു കരുതി ഞാൻ സന്തോഷിക്കുന്നു.

ഒഴിവുള്ള അവസരങ്ങളിൽ സമയം അനാവശ്യമായി ചിലവഴിക്കുന്ന സമ്പ്രദായം നിങ്ങളിലുണ്ടു. അന്യരെക്കുറിച്ചുള്ള സംസാരമായിരിക്കും മിക്കവാറും വിഷയം. ഇതു ഏറ്റവും നീചമായ ഒരു സമ്പ്രദായമാകുന്നു. ഈ ചീത്ത സമ്പ്രദായം തീരെ ഉപേക്ഷിച്ചു ആ സമയം നല്ല വിഷയങ്ങൾ ആലോചിക്കുന്നതിലും നല്ല സംഭാഷണം ചെയ്യുന്നതിലും ചിലവഴിക്കുന്നതായാൽ എത്ര നന്നായിരിക്കും എന്നു നിങ്ങൾതന്നെ ഒന്നു ചിന്തിച്ചുനോക്കുക.

കുട്ടികളെ ശാസിക്കുമ്പോൾ ഒരിക്കലും ചീത്ത പദങ്ങൾ ഉച്ചരിക്കരുതു. കാരണം നിങ്ങൾ പറയുന്നതിനെകേട്ടാണു് നിങ്ങളുടെ ചെറുപൈതങ്ങൾ പഠിക്കുന്നതു്.

നിങ്ങൾ ധരിക്കുന്ന വസ്ത്രങ്ങൾ വളരെ വിലപിടിച്ചവയായിരിക്കണമെന്നില്ല. പക്ഷെ അവ വെടിപ്പുള്ളവ മാത്രമായിരുന്നാൽ മതി. കല്യാണാവശ്യങ്ങളിലേക്കോ, അയൽ വീടുകളിലേക്കോ പോകുമ്പോൾ മാത്രം വെടിപ്പുള്ള വസ്ത്രം ധരിച്ചാൽ പോര. വീട്ടിൽ ഇരിക്കുമ്പോഴും വെടിപ്പുള്ള വസ്ത്രങ്ങൾ തന്നെ ഉപയോഗിക്കണം. ഇങ്ങിനെ വസ്ത്രങ്ങൾ ശുദ്ധിയായിരിക്കുന്നതുകൊണ്ടു വളരെ ഗുണങ്ങൾ ഉണ്ടു്.

എന്നാൽ നിങ്ങൾ മാത്രം വൃത്തിയായി നടക്കുകയും വീട്ടിലുള്ള വേലക്കാർ സ്ത്രീകളെ കരിപോലെ ഉടുപ്പിച്ചു നടത്തുകയും ചെയ്യുന്നതു ഒരിക്കലും ഉചിതവും ന്യായവുമല്ല. വൃത്തിയായി നടക്കേണ്ടതിന്നു അവരെ നിങ്ങൾ ഉപദേശിക്കുകയും അപ്രകാരം ചെയ്യിക്കുകയും ചെയ്യേണ്ടതു നിങ്ങളുടെ ചുമതലയാണു്.

നിങ്ങളുടെ വിദ്യാഭ്യാസ സ്ഥിതി എന്റെ മനസ്സിനെ വ

ല്ലാതെ സങ്കടപ്പെടുത്തുന്നുണ്ടു. വീട്ടുകാൎയ്യങ്ങൾ അന്വേഷിക്കേണ്ടതു നിങ്ങളാണ്. ഇതിന്നു ചില്ലറ കണക്കുകളുടേയും മററും ആവശ്യവുമുണ്ടല്ലോ. ഈ വക സംഗതികൾ ശരിയായും വിഘ്നം കൂടാതെയും ഭരിച്ചുകൊണ്ടു പോകാൻ ത്രാണിയുള്ള സ്ത്രീകൾ നമ്മുടെ ഇടയിൽ വളരെ ചുരുങ്ങും. ഇതുകൊണ്ടു പല നഷ്ടങ്ങളും നാശങ്ങളും സംഭവിക്കുന്നുണ്ടെന്നുള്ളതു അനുഭവിച്ചിട്ടുള്ള നിങ്ങളോടു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുകൊണ്ടു മേലിലെങ്കിലും ഈ പോരായ്മയെ നമ്മുടെ സമുദായത്തിൽനിന്നു തള്ളിക്കളയേണ്ടതിന്നു നിങ്ങൾ ഒത്തൊരുമിച്ചു ശ്രമിക്കേണം. അതിന്നു നിങ്ങൾ നിങ്ങളുടെ ചെറുബാലികമാരെ പാഠശാലകളിലേക്കു അയച്ചോ, അല്ലെങ്കിൽ മററു വിധത്തിലോ, കുറച്ചു വിദ്യാഭ്യാസം കൊടുക്കേണ്ടതാണ്. വിദ്യാഭ്യാസംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു "ദീനിയാത്തിന്നു" പുറമെ മലയാളം എഴുതാനും വായിക്കാനും, അല്പം കണക്കും മാത്രമാകുന്നു. ആൺകുട്ടികളെ സ്കൂളുകളിൽ അയക്കാൻ നിങ്ങൾ വൈമനസ്യം കാണിച്ചിരുന്ന കാലം കഴിഞ്ഞുപോയിരിക്കുന്നു എന്നാണ് എന്റെ പൂൎണ്ണമായ വിശ്വാസം. അല്ലാഹു നമുക്കു സൽബുദ്ധി തരട്ടെ ആമീൻ.

## ഉപേക്ഷിച്ചതിന്ന ഒരു ഉപദേശം.

ശ്രീമതി

വീ. പീ. പാത്തുണ്ണിസാഹിബാ അവർകളോടു.

—o—

മാന്യസോദരി!

"മഹിളാ"മാസികയുടെ ആരംഭത്തിനുശേഷം 6-ാംലക്കം മുതൽ"മഹിള"യുടെ രക്ഷാധികാരം വഹിച്ചു സഹായങ്ങൾ ചെയ്യുന്തരാമെന്നു ഉച്ചരിച്ചതുപോലെ ചെയ്യാതെയും, മഹിളയെ

ആപൽക്ഷണങ്ങളിൽ നിന്നും രക്ഷിക്കാതെയും, രക്ഷാധികാരണിയായെന്ന "നാമ" മാത്രമായി നടിച്ചു വാഗ്ദാനലംഘനവും ചെയ്തു മഹിളാ രക്ഷാധികാരണിയോടു വീണ്ടും മഹിളാമാസിക ലോകത്തു കാലെടുത്തു വച്ചിരിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ രണ്ടു വാക്ക പറഞ്ഞുകൊള്ളട്ടെ! രാജ്യഭാഗം കൊടുക്കുന്നതുപോലെ രക്ഷാധികാരകർത്തൃത്വഭാഗം തരാമെന്നു വാഗ്ദാനം ചെയ്തതനുസരിച്ചാണല്ലോ സോദരിയെ ഞങ്ങളുടെ ഇരുപതിൽപരം രക്ഷാധികാരണികളിൽ ഒരംഗമായി ഗണിച്ചതു. മഹിളയുടെ നടത്തിപ്പിൽ കാര്യമായ സഹായങ്ങൾ ചെയ്തു മഹിളാലോകത്തെ പരിപാലിക്കുന്ന ആ മഹത്തായ പ്രവൃത്തി എത്രമാത്രം നിറവേറ്റുന്നുണ്ടെന്നു ഒന്നു ആലോചിക്കുമോ? ഞങ്ങളുടെ തുടരെത്തുടരെയുള്ള കത്തുകൾക്ക ഒരു മറുപടിപോലും അയക്കുവാൻ കനിഞ്ഞതോ! മഹിളയെ വെടിഞ്ഞോ? മഹിളാരക്ഷാധികാരത്തെ പരിത്യജിച്ചുവോ ഒരു സ്ത്രീമാസികയുടെ രക്ഷാധികാരം സ്വീകരിക്കുന്നതു സോദരിയുടെ ഭാവമെന്നു ഞങ്ങൾ അറിയുന്നു. “ഒന്നിൽനിന്നും മറ്റൊന്നിൽ പ്രവേശിച്ച പാരിജാതകവൃക്ഷത്തിൽ നിന്നും തേൻകുടിച്ചു തൃപ്തിയടയാതെ ഒന്നിനെവെടിഞ്ഞു മറ്റൊന്നിനെ പരിഗ്രഹിക്കുന്ന സ്വഭാവം വണ്ടുകൾക്കല്ലേ ഉള്ളതു?” മഹിളയെ വെടിഞ്ഞതു പോകട്ടെ. മറ്റൊന്നു സ്വീകരിക്കുന്നതിനു ഞങ്ങൾക്കു വിരോധമുണ്ടാകയില്ല. പാരിജാത വൃക്ഷത്തെ പരിത്യജിച്ചു വണ്ടിനെപ്പോലെ മറ്റൊന്നിനെ പാടിപിടിച്ചു മണ്ടിനടക്കുന്നതു അഭിമാനകരമോ? ഇതിനെയും വിട്ടു മറ്റൊന്നിനെ തേടുമോ എന്നു ഞങ്ങൾ ശങ്കിക്കുന്നു. സ്ത്രീകുലജാതയായ ഒരു മനുഷ്യജീവിക്കു ഇതു യോജ്യമോ? ഇനിയെങ്കിലും മഹിളയെ വഹിഷ്കരിച്ചു ... ഞങ്ങളുടെ പണമിങ്ങു തരുമോ? ഇത്രയും സോദരിയോടു എഴുതുവാൻ ഞങ്ങളെ നിർബ്ബന്ധിച്ചതിനാൽ നിർവ്യാജം വ്യസനിക്കുന്നു. “കടിച്ചതുമില്ല കടിക്കുവാൻ” നിർബ്ബന്ധിതരായ ഞങ്ങൾ.

# മഹിളവാക്യം.

## (1) P. K.

### സ്ത്രീകൾ പഠിച്ചാൽ കുഡുംബോപകാരം.

—————:o:—————

പുരുഷനും സ്ത്രീയും ഒരു ദേഹമെന്നാല്ലാവക്കും സമ്മതമായിരിക്കയിൽ പുരുഷൻ മാത്രം പഠിച്ച് സ്ത്രീ പഠിക്കാതെയിരിക്കുന്നതു പാതിയുടലിനു ജീവനും, പാതിയിൽ ജീവനില്ലാതെയിരിക്കുന്നപോലെയും, പാതിദേഹത്തെ അലങ്കരിച്ചു പാതി അലങ്കരിക്കാതെ നഗ്നമായി നിറുത്തുന്നതുപോലെയും ആയിരിക്കുന്നു.

സ്ത്രീകൾ പഠിച്ചാൽ അവർ സകലവിധ ബുദ്ധിവിവേകമുണ്ടാകുന്നതിനാൽ അവർ പുരുഷന്മാൎക്കു മന്ത്രികളെപോലെ സമയോചിതം ആലോചന കൊടുക്കുകയും, കാൎയ്യസ്ഥന്മാരെപോലെ ഗൃഹജോലികളെ നടത്തിക്കുകയും, കണക്കെഴുത്തുകാരനെപോലെ ഗൃഹഭരണ വരവുചെലവുകളെ എഴുതി വെക്കയും തള്ളയെപോലെ ഭൎത്താവിനെ പരിരക്ഷ ചെയ്കയും, കാവല്ക്കാരനെപോലെ വീട്ടുസാമാനങ്ങളെ സൂക്ഷിക്കുകയും, നല്ല വെപ്പുകാരനെപോലെ പുരുഷന്നു ഇഷ്ടമായ രുചിയുള്ള ഭക്ഷണപദാൎത്ഥങ്ങളെ പാകംചെയ്തു പുരുഷനെ സല്ക്കരിക്കുകയും, വൈദ്യന്മാരെപോലെ ഭൎത്താവിന്റെ ദേഹസുഖത്തിന്നാവശ്യമായതുകളെല്ലാം ചെയ്തുകൊടുക്കുകയും, സംഗീത വിദ്വാന്മാരെപോലെ ഇമ്പമായ കവിതകളെ പാടിയും, മധുരമായ പദങ്ങളെ ചൊല്ലിയും ഭൎത്താവിനെ ഉല്ലസിപ്പിക്കയും, ഉത്തമ സ്നേഹിതന്മാരെപോലെ ഭൎത്താവിന്റെ ആപത്തിൽ സഹായിക്കുകയും, ഭൎത്താവ് ദുൎമ്മാൎഗ്ഗത്തിൽ പോകാതെ ഗുരുവിനെപോലെ ഉപദേശിക്കുകയും ചെയ്യും. ഈ പറഞ്ഞ ഗുണങ്ങൾ എല്ലാം സ്ത്രീകളെ പഠിപ്പിക്കാതെ നാം നഷ്ടമാക്കിക്കളയുന്നതു ബുദ്ധിഹീനത! ഇപ്പോൾ സ്ത്രീകൾ പഠിപ്പില്ലാത്തവരായി

ടിക്കയാൽ, പുരുഷന്മാർ അവർക്ക് പുറമെയുള്ള ജോലികൾ കൂടാതെ വീട്ടുകാര്യങ്ങളും കൂടി വഹിക്കുന്നതുകൊണ്ടു, രണ്ടു കുതിരകളാൽ വലിക്കപ്പെടുന്ന വണ്ടി ഒരു കുതിരയെകൊണ്ടു വലിപ്പിക്കുന്നതുപോലെ പുരുഷന്മാർ രണ്ടിന്നും പ്രയാസപ്പെടേണ്ടിയിരിക്കുന്നു.

വലിയ കുഡുംബങ്ങളിൽ അനേകം ബന്ധുക്കളും സംബന്ധികളും സ്ത്രീകളും പൈതങ്ങളും വേലക്കാരിയും വേലക്കാരനുമുണ്ടാകുന്നതിനാൽ കൂടെക്കൂടെ പിണക്കങ്ങളും വഴക്കുകളും ഉണ്ടാകുന്ന ആ കുഡുംബതലയാളി പഠിപ്പില്ലാത്ത അവിവേകിനിയായിരുന്നാൽ ആ പിണക്കങ്ങളും, വഴക്കുകളും, പറഞ്ഞു ഒതുക്കുന്നതിന്നും, മററുള്ളവർക്ക് സൽബുദ്ധിയും ഉപദേശിക്കുന്നതിന്നും, കഴിയുന്നതു അങ്ങിനെ? അറിവില്ലാത്ത കുഡുംബതലയാളി അവളുടെ വേലക്കാർ ചെയ്യുന്ന കളവുകളെയും മോശങ്ങളെയും കണ്ടു വസ്തുനാശമാക്കാതെ ഇരിക്കുന്നതിന്നു എങ്ങിനെ കഴിയും "മൂഢന്റെ ആസ്തി മുഴുവനും നാസ്തി" എന്നതുപോലെ സ്ത്രീകൾക്കു പഠിപ്പില്ലാഞ്ഞാൽ ദ്രവ്യനഷ്ടത്തിന്നും ഇടയുണ്ടു.

സ്ത്രീകൾ പഠിച്ചിരുന്നാൽ അവർ വീട്ടുവേലകൾ ചെയ്യുന്നനേരം ഒഴികെ മററു നേരങ്ങളിൽ നല്ല പുസ്തകങ്ങളെ വായിച്ചു തങ്ങളുടെ ബുദ്ധിയെ അഭിവൃദ്ധി ചെയ്യുന്നതിന്നും, കുട്ടികളെ പഠിപ്പിക്കുന്നതിന്നും തക്കവരായിരിക്കാം. ഇപ്രകാരമല്ലാഞ്ഞതിനാൽ സ്ത്രീകൾ വൃഥാ വത്തമാനങ്ങളും, കുത്തും, കോളും, നുണയും, ഏഷണിയും, പിറുപിറുപ്പും, നാട്യവും പറഞ്ഞു ദുർമ്മാർഗ്ഗങ്ങളെ പഠിച്ചുകൊള്ളുന്നതിന്നും, സംഗതിവരുന്നു. ചെറു പൈതങ്ങൾക്കു പിതാവിനെക്കാൾ മാതാവിനോടു അധികം അടുപ്പമുള്ളതുകൊണ്ടു "ചന്ദനംചാരിയാൽ ചന്ദനംനാറും" എന്നു പറയുന്നതുപോലെ അറിവില്ലാത്ത തള്ളമാരുടെ മക്കൾ അറിവില്ലാത്തവരും മൂഢന്മാരുമായിതീരുന്നതാണ്.

(തുടരും)

———:o:———

# അൽഅമീൻ ബുക്ക്ഡിപ്പോ

## കോഴിക്കോട്.

:o:

മനുഷ്യജീവികൾ വായിച്ചു അറിയേണ്ട ഉത്തമ ഗ്രന്ഥങ്ങൾ.

കുരിശ്ശും യേശുനബിയും 4-സഭാക്കളും 1-2-ഭാഗം 5-ണ വീതം

അൽഅമീൻ വരിക്കാൎക്ക് 4-ണ വീതം.

ഹസ്രത്ത് ബിലാൽ (റ) 12-ണ. അമീൻ വരിക്കാൎക്ക് 10-ണ.

മൌലാന മുഹമ്മദലി — 12-ണ.

നാലുഖലീഫാമാരുടെ ചരിത്രം. — 1-ക 4-ണ.

ഓരോ ചരിത്രത്തിന്നും — 0-5-6 വീതം.

കാത്തുകുത്തു സംഭാഷണവും ഇർവുവാൾഅഖിയത്തും കൂടി — 1-അണ.

ഈമാൻ — 4 — മുസ്ലിം സന്മാൎഗ്ഗദീപം — 8-അണ

വിദ്യുത്താവലി — 1-ക. ഗൃഹവൈദ്യം — 6-അണ.

തപാൽക്കൂലി പുറമെ.

വിലാസം: — മാനേജർ, അൽഅമീൻ,
കോഴിക്കോട്.

## ശ്രദ്ധിക്കുക.

ഇരിഞ്ഞാലക്കുട തോട്ടാൻ അന്തോണി മെസ്സപ്പെന്നാളുടെ
ഒരു വാക്കിന്നു ഉത്തരമായ

## "രണ്ടുവാക്കു്."

വില രണ്ടണ മാത്രം.

ഒരു പ്രതിക്കു രണ്ടണ സ്റ്റാമ്പു സഹിതം ആവശ്യപ്പെടുക. ഇനി കുറച്ചു പ്രതികൾ മാത്രമെയുള്ളൂ. ഇ[illegible]ത്തിന്നു ഇ[illegible]ഓൎക്കുക.

മാനേജർ, മുസ്ലി[illegible]